# ചങ്ങനാശ്ശേരി താലൂക്ക് വിജയദശമിനായർമഹാസമ്മേളനം 2017

വിജയദശമി നായർമഹാസമ്മേളനത്തിന്റെ 104-ാമത് വാർഷികാഘോഷം ഇക്കഴിഞ്ഞ വിജയദശമിദിനമായ 2017 സെപ്റ്റംബർ 30-ാം തീയതി ശനിയാഴ്ച പകൽ 2.00-ന് ചങ്ങനാശ്ശേരി എൻ.എസ്.എസ്. താലൂക്ക് യൂണിയന്റെ ആഭിമുഖ്യത്തിലും നായർ സർവീസ് സൊസൈറ്റിയുടെ സഹകരണത്തിലും പെരുന്ന മന്നം നഗറിൽ നടത്തുകയുണ്ടായി.

തിന്മയ്ക്കെതിരെ നന്മ വിജയംവരിച്ച സുദിനമാണ് വിജയദശമി. നായർസമുദായം അവഗണിക്കപ്പെട്ടപ്പോൾ അതിൽനിന്നും ഒരു ഉയിർത്തെഴുന്നേല്പിനുള്ള കാഹളം മുഴങ്ങിയതും ഒരു വിജയദശമി നാളിലായിരുന്നു. 1913-ലാണ് അങ്ങനെയൊരു സാഹചര്യം ഉണ്ടായത്. 1913 ഒക്ടോബർ 6-ാം തീയതി നടന്ന ശ്രീമൂലംതിരുനാൾ ആഘോഷത്തിൽ വച്ചാണ് നായർസമുദായം അവഗണിക്കപ്പെട്ടത്. തിരുനാൾ ആഘോഷത്തിന്റെ ഭാഗമായി രണ്ടുയോഗങ്ങളാണ് പതിവനുസരിച്ച്, വർഷംതോറും നടന്നുവന്നിരുന്നത്. അതിലൊന്നിൽ ഒരു നായർപ്രമാണിയും മറ്റൊന്നിൽ ഒരു ക്രൈസ്തവപ്രമാണിയുമായിരുന്നു അദ്ധ്യക്ഷന്മാർ. അക്കൊല്ലം മൂന്നു യോഗങ്ങൾ നടന്നു. പതിവിനു വിപരീതമായി മൂന്നു യോഗങ്ങളിലും ക്രൈസ്തവപ്രതിനിധികളെ അദ്ധ്യക്ഷന്മാരാക്കി. മൂന്നാമത്തെ യോഗത്തിൽ കൈനിക്കര കുമാരപിള്ളയുടെ പേര് നിർദ്ദേശിച്ചെങ്കിലും പരിഗണിച്ചില്ല. അപമാനം സഹിക്കവയ്യാതെ മന്നത്തുപത്മനാഭൻ ആ യോഗത്തിൽ നിന്നും ഇറങ്ങിപ്പോന്നു. അവിടെ കൂടിയിരുന്ന നായന്മാർ ഒന്നൊഴിയാതെ അദ്ദേഹത്തെ പിൻതുടർന്നു. അന്നു രാത്രിയിൽതന്നെ അവർ പെരുന്ന കരയോഗമന്ദിരത്തിൽ എത്തി യോഗം ചേരുകയും തൊട്ടടുത്ത വിജയദശമിദിനത്തിൽ പ്രത്യേകമായി തിരുനാളാഘോഷം നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു. അപ്പോൾതന്നെ അതിനുവേണ്ടി ഒരു കമ്മറ്റിയും രൂപീകരിച്ച് അവർ പിരിഞ്ഞു. തൊട്ടടുത്തുവന്ന വ്യാഴാഴ്ച (9.10.1913-ന്) ആയിരുന്നു ആ കൊല്ലത്തെ വിജയദശമി. ആ സുദിനത്തിൽ ശ്രീമൂലംതിരുനാൾ ആഘോഷം കരയോഗമന്ദിരത്തിൽവച്ച് ഐശ്വര്യപൂർണ്ണമായി നടത്തി.

ആ യോഗത്തിൽവച്ചാണ് ചങ്ങനാശ്ശേരി താലൂക്ക് നായർസമാജം എന്ന സംഘടന രൂപംകൊണ്ടത്. അതിന്റെ വാർഷികമായിട്ടാണ് വിജയദശമി നായർ മഹാസമ്മേളനം തുടർന്ന് എല്ലാവർഷവും നാം കൊണ്ടാടി വരുന്നത്. അതുകൊണ്ടാണ് ചങ്ങനാശ്ശേരിയിൽവച്ചുമാത്രം ഈ സമ്മേളനം എല്ലാവർഷവും കൊണ്ടാടാറുള്ളത്. വിജയദശമിനാളിലെ ആ സമ്മേളനമാണ് നായർ സർവീസ് സൊസൈറ്റി എന്ന മഹത്തായ പ്രസ്ഥാനം രൂപംകൊള്ളാൻ പ്രേരകമായത്.

അതിന്റെ തുടർനടപടി എന്ന നിലയിലാണ് 1914 ഒക്ടോബർ 31-ന് മന്നത്തുപത്മനാഭനും സഹപ്രവർത്തകരായ 13 പേരും ചേർന്ന് നായർ സമുദായ ഭൃത്യജനസംഘത്തിന് രൂപംനല്കിയത്. അങ്ങനെ രൂപീകരിച്ച നായർസമുദായഭൃത്യജനസംഘമാണ് 1915-ൽ നായർ സർവീസ് സൊസൈറ്റിയായി രൂപാന്തരം പ്രാപിച്ചത്.

സാമൂഹ്യ-സാംസ്കാരിക-വിദ്യാഭ്യാസരംഗങ്ങളിലെ നായർ സർവീസ് സൊസൈറ്റിയുടെ ശക്തവും നിരന്തരവുമായ പ്രവർത്തനം ഇപ്പോൾ ഒരു നൂറ്റാണ്ട് പിന്നിട്ടിരിക്കുകയാണ്. മതേതരത്വവും ജനാധിപത്യവും കാത്തുസൂക്ഷിച്ച്, സമുദായപുരോഗതിയിലൂടെ സമൂഹത്തിന്റെയും രാജ്യത്തിന്റെയും നന്മയ്ക്കായി പ്രവർത്തിക്കുക, സാമൂഹ്യനീതിക്കുവേണ്ടി നിലകൊള്ളുക എന്നീ അടിസ്ഥാനമൂല്യങ്ങളിൽനിന്നു വ്യതിചലിക്കാതെ ഈ രംഗത്തുള്ള എൻ.എസ്.എസ്സിന്റെ പ്രവർത്തനം രണ്ടാം നൂറ്റാണ്ടിലും തുടരുകയാണ്. അടിസ്ഥാനമൂല്യങ്ങളിൽ അടിയുറച്ചുനിന്നുകൊണ്ടുള്ള ഈ പ്രവർത്തനമാണ് സംഘടനയുടെ ഇന്നുകാണുന്ന ശക്തി.

നായർ സർവീസ് സൊസൈറ്റിയുടെ ഇക്കാലമത്രയുമുള്ള പ്രവർത്തനത്തിന് രൂപവും ഭാവവും നല്കുന്നതിൽ ഓരോ വിജയദശമിസമ്മേളനവും അതിന്റേതായ പങ്ക് വഹിച്ചിട്ടുണ്ട് എന്നുള്ളതാണ് യാഥാർത്ഥ്യം.